"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.78/2026/HOME തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1 സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം തീയതി 02.03.2016

2. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 28.02.2026 തീയതിയിലെ D7A(1)-29257/2015/DII-1 നമ്പർ കത്ത്

3. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 28.02.2026 തീയതിയിലെ HCKL/1355/2026-DII-4-HC KERALA നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടിക പ്രകാരമാണ്. ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വർക്കല അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്ന തലക്കെട്ടിൽ ഇനം നം.50 ആയി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) വർക്കല മണ്ഡലത്തിൽ കുടുംബ വിഷയങ്ങളുമായി ബന്ധപ്പെട്ട കേസുകളും, മറ്റ് കേസുകളും അധികരിച്ചു വരുന്നതായും, ദീർഘദൂരം സഞ്ചരിച്ച് ആറ്റിങ്ങൾ കോടതിയെയാണ് കക്ഷികൾ ആശ്രയിക്കുന്നതെന്നും അതിനാൽ പുതിയ കോടതി കെട്ടിട നിർമ്മാണം പൂർത്തികരണ ഘട്ടത്തിലുള്ള വർക്കലയിൽ ഒരു കുടുംബ കോടതിയും, ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കണമെന്ന ആവശ്യം ഉന്നയിച്ച് നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിരുന്നു.

3) സംസ്ഥാനത്തെ മജിസ്ട്രേറ്റ് കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നത് കണക്കിലെടുത്തും, നീതിന്യായ വ്യവസ്ഥയുടെ മെച്ചപ്പെട്ട നടത്തിപ്പിനായും, തീർപ്പാക്കാൻ

ശേഷിക്കുന്ന കേസുകൾ വളരെ കൂടുതലുള്ള കേന്ദ്രങ്ങൾക്ക് മുൻഗണന നൽകി കൊണ്ട് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയും, മുൻഗണന നൽകി സ്ഥാപിക്കേണ്ട 20 മജിസ്ട്രേറ്റ് കോടതികളുടെ പട്ടിക ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടികയിൽ മുൻഗണന പ്രകാരം തിരുവനന്തപുരം ജുഡീഷ്യൽ ജില്ലയിൽ സ്ഥാപിക്കേണ്ട 10 മജിസ്ട്രേറ്റ് കോടതികളിൽ രണ്ടാമതായി വർക്കല അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്.

4) മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം. 3991 തീയതി 14.03.2026)

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. സി1/37/2026/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Siju P
Date: 15-03-2026 14:02:35

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. സി1/37/2026/ആഭ്യന്തരം. ഇനം നം: 3991

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3991

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/37/2026/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 14.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) വർക്കല മണ്ഡലത്തിൽ കുടുംബ വിഷയങ്ങളുമായി ബന്ധപ്പെട്ട കേസുകളും, മറ്റു കേസുകളും അധികരിച്ചു വരുന്നതായും, ദീർഘദൂരം സഞ്ചരിച്ച് ആറ്റിങ്ങൾ കോടതിയെയാണ് കക്ഷികൾ ആശ്രയിക്കുന്നതെന്നും അതിനാൽ പുതിയ കോടതി കെട്ടിട നിർമ്മാണം പൂർത്തികരണ ഘട്ടത്തിലുള്ള വർക്കലയിൽ ഒരു കുടുംബ കോടതിയും, ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിക്കുന്നത് അടിയന്തര നടപടി സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ട് വർക്കല എം.എൽ.എ അഡ്വ. വി.ജോയി ബഹു.മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു.

3) സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടിക പ്രകാരമാണ്. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) ശിപാർശപ്രകാരം വർക്കല അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്ന തലക്കെട്ടിൽ ഇനം നം.50 ആയി 02/03/2016 തീയതിയിലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) സംസ്ഥാനത്തെ മജിസ്ട്രേറ്റ് കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നത് കണക്കിലെടുത്തും, നീതിന്യായ വ്യവസ്ഥയുടെ മെച്ചപ്പെട്ട നടത്തിപ്പിനായും, കെട്ടിക്കിടക്കുന്ന കേസുകൾ വളരെ കൂടുതലുള്ള കേന്ദ്രങ്ങൾക്ക് മുൻഗണന നൽകി കൊണ്ട് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) അഭ്യർത്ഥിക്കുകയും, high priority നൽകി സ്ഥാപിക്കേണ്ട 20 മജിസ്ട്രേറ്റ് കോടതികളുടെ പട്ടിക ലഭ്യമാക്കുകയും ചെയ്തു. ഹൈക്കോടതിയിൽ നിന്നും high priority നൽകി സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്ത കോടതികളിൽ തിരുവനന്തപുരം ജില്ലയിലെ 10 മജിസ്ട്രേറ്റ് കോടതികളിൽ രണ്ടാമതായി വർക്കലയിലെ അഡീഷണൽ

ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്.

5) വർക്കല അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലേയ്ക്കുള്ള തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം കൈക്കൊള്ളുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പ്രസ്തുത കോടതി സ്ഥാപിക്കുന്നത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തത്വത്തിൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയക്കുകയും, ധനകാര്യ വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി

***'അംഗീകരിക്കുന്നു. ബഹു.മുഖ്യമന്ത്രി കണ്ടാലും'***

6) അതേത്തുടർന്ന്, ബഹു.മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

***'ഇന്നത്തെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക.'***

**തീരുമാനിക്കേണ്ട വിഷയം**

തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വർക്കലയിൽ ഒരു അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് തത്വത്തിൽ അനുമതി നൽകാമോ?